DESPATCHED
On. 14/12/21....

22/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.2104 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 9709/SIC-G7/2018**

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എബിൻ ജോൺ / എൽ.സ്റ്റാൻലി,
തവരക്കാട് ഫാം, പനവൂർ പി.ഒ,
നെടുമങ്ങാട്. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി, പനവൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം, പനവൂർ പി.ഒ, തിരുവനന്തപുരം – 695 568.

2. അപ്പീൽ അധികാരി, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 18.03.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 23.03.2018 |
| ഒന്നാം അപ്പീൽ | 30.04.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 11.06.2018 |
| രണ്ടാം അപ്പീൽ | 05.09.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 06.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.എബിൻജോൺ എസ്.ആർ 18.03.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, അംബേദ്കർ ഗ്രാമ റോഡിൽ നിന്ന് പഞ്ചായത്തിന്റെ പൊതുശ്മശാനത്തിലേക്ക് പോകുന്ന റോഡ് ആസ്തി രജിസ്റ്ററിൽ

ഉൾപ്പെട്ടതാണോ, അംബേദ്കർ ഗ്രാമറോഡിന്റെ നീളവും വീതിയും വ്യക്തമാക്കുക എന്നതുമായി ബന്ധപ്പെട്ട് 5 വിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 23.03.2018 ൽ നൽകിയ മറുപടിയിൽ തൃപ്തനാകാതെ 30.04.2018 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 11.06.2018 ൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരു കക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 06.09.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും, അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരം അല്ല ലഭ്യമാക്കിയതെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണം എന്നുമാണ്.

5. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഓഫീസിൽ ലഭ്യമല്ലാതിരുന്നതിനാൽ വിവരം ലഭ്യമാക്കുന്നതിനായി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേയ്ക്ക് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം 23.03.2018 ൽ കൈമാറിയെന്നും പ്രസ്തുത ഓഫീസിൽ നിന്നും 18.04.2018 ൽ മറുപടി നൽകിയെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

6. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് എസ്.പി.ഐ.ഒ കമ്മീഷനെ ബോധിപ്പിച്ചെങ്കിലും ഹർജിക്കാരന്

പ്രസ്തുത വിവരം ലഭ്യമായില്ലെന്ന് അറിയിച്ചതിനാൽ ടിയാന്റെ 18.03.2018 ലെ വിവരാവകാശ അപേക്ഷ പരിശോധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒ. യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn